എന്നതാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ഇതേ ആവശ്യമുന്നയിച്ചു കൊണ്ടുള്ള നാലാമത്തെ സബ്മിഷനാണ് ഇത്. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് ഇനിയൊരു ചോദ്യം ചോദിക്കാൻ ഇടവരുത്താതെ എത്രയും പെട്ടെന്ന് ഉദുമ സ്പിന്നിംഗ് മിൽ തുറന്ന് പ്രവർത്തിപ്പിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഉദുമ സ്പിന്നിംഗ് മില്ലുമായി ബന്ധപ്പെട്ട് ഒരു കേസ് വന്നു. ആ കേസ് തീരാതെ സാമ്പത്തിക ഇടപെടൽ നടത്താൻ പറ്റാതെയായി. കൂടാതെ കോടതി ഇടപെടലും വിജിലൻസ് കേസും വന്നു. ഇപ്പോൾ അതൊക്കെ ഏതാണ്ട് പൂർത്തിയായി. ഈ മിൽ ഉടനെ പ്രവർത്തിപ്പിക്കാൻ പണം കിട്ടേണ്ട പ്രശ്നം മാത്രമേയുള്ളൂ. അന്വേഷണവും കേസും ഫൈനൽ സ്റ്റേജായി. ഉടൻ തന്നെ മിൽ തുറന്ന് പ്രവർത്തിപ്പിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(11) സ്പിന്നിംഗ് മില്ലിന്റെ സംരക്ഷണം

ശ്രീ. ജി. എസ്. ജയലാൽ: സർ, ചാത്തന്നൂരിൽ പ്രവർത്തിക്കുന്ന കൊല്ലം ജില്ലാ സഹകരണ സ്പിന്നിംഗ് മിൽ ഇന്ന് തകർച്ചയിലാണ്. 1976-ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ച ഈ മില്ലിൽ 500-ഓളം തൊഴിലാളികൾ പണിയെടുക്കുന്നു. പരോക്ഷമായി ജീവിതമാർഗ്ഗം കണ്ടെത്തിയ നിരവധിയാളുകളുണ്ട്. ആദ്യകാലത്ത് കൈത്തറി നെയ്ത്തുകാർക്കാവശ്യമായ നൂൽ ഉത്പ്പാദിപ്പിച്ചിരുന്ന ഇവിടെ പ്രസ്തുത പ്രവർത്തനം നിർത്തിവച്ച് സാമ്പത്തികനേട്ടമുണ്ടാക്കാനായി പോളിസ്റ്റർ, കോട്ടൺ നൂലുത്പ്പാദനമാരംഭിച്ചു. എന്നാൽ ചൈനയിൽ നിന്നുള്ള നൂലിന്റെ ലഭ്യത മാർക്കറ്റിലുണ്ടായതോടെ നമ്മുടെ നൂലിന്റെ വിപണനവും വിലയും വളരെ പരിതാപകരമായി. ഇപ്പോൾ ഭീമമായ നഷ്ടത്തിലാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. ആധുനിക യന്ത്രങ്ങളിൽ ഗുണമേന്മയുള്ള നൂലുൽപ്പാദനം നടത്തിയാൽ മാത്രമേ ഈ സ്പിന്നിംഗ് മില്ലിന് സാമ്പത്തികമായി പിടിച്ചു നിൽക്കാൻ കഴിയൂ. വിവിധഘട്ടങ്ങളിൽ മിൽ ആധുനിക രീതിയിൽ നവീകരിക്കാൻ പദ്ധതികളാവിഷ്കരിച്ചുവെങ്കിലും അതൊന്നും യാഥാർത്ഥ്യമായിട്ടില്ല. ഇപ്പോൾ എൻ.സി.ഡി.സി.-യുടെ 57.39 കോടി രൂപ മില്ലിന്റെ നൂറ് ശതമാനം നവീകരണത്തിന് അനുവദിച്ചതായി മനസ്സിലാക്കുന്നു. പ്രസ്തുത തുകയുപയോഗിച്ച് നവീകരണമാരംഭിക്കണമെങ്കിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുകൂടി സാമ്പത്തിക [illegible] നിലവിൽ ഈ സ്ഥാപനം ലേ ഓഫിലാണ്. ഗവൺമെന്റിന്റെ ഭാഗത്തുനിന്നും സത്വരമായ ഇടപെടലുണ്ടായി കൊല്ലം ജില്ലയിലെ പ്രധാനപ്പെട്ട വ്യവസായ സ്ഥാപനമായ കൊല്ലം ജില്ലാ സഹകരണ സ്പിന്നിംഗ് മില്ലിനെ

LIBRARY ARCHIVES Kerala Legislative Assembly

സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിനെ സംരക്ഷിക്കുന്നതിനായിട്ടുള്ള എല്ലാ ശ്രമവും വ്യവസായ വകുപ്പ് നടത്തുന്നതാണ്. ടെക്സ്റ്റൈൽ മില്ലുകൾക്ക് പൊതുവായി മോശമായ സ്ഥിതിയുണ്ട്. എന്നാലും എൻ.സി.ഡി.സി സഹായം പ്രതീക്ഷിക്കുന്നതു കൊണ്ട് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഫണ്ട് കൊടുക്കുന്നതിനുള്ള എല്ലാ ശ്രമവും നടത്തുന്നുണ്ട്. അധികം വൈകാതെതന്നെ ഫണ്ട് കൊടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(12) ധനവകുപ്പിന്റെ അംഗീകാരം

ശ്രീ. സി. മമ്മൂട്ടി: സർ, പാവപ്പെട്ട അനേകം ക്യാൻസർ രോഗികൾ ആശ്രയിക്കുന്ന ഒരാശുപത്രിയാണ് തിരൂരിലെ ജില്ലാ ആശുപത്രി. ഏതാണ്ട് നാലായിരത്തോളം ക്യാൻസർ രോഗികളാണ് വർഷത്തിൽ കീമോതെറാപ്പിക്കു വേണ്ടി അവിടെ വരുന്നത്. കീമോതെറാപ്പി കഴിഞ്ഞശേഷം റേഡിയേഷൻ ചികിത്സയ്ക്കും സർജറിക്കും തിരുവനന്തപുരത്തെ ആശുപത്രിയെയോ തലശ്ശേരി ആശുപത്രിയെയോ ആണ് ആശ്രയിക്കുന്നത്. മലബാറിൽ നിന്ന് വരുന്ന മാവേലി എക്സ്പ്രസ്സും മലബാർ എക്സ്പ്രസും ക്യാൻസർവണ്ടികളായാണ് വരുന്നത്. അത്രയും കഷ്ടപ്പാട് നിറഞ്ഞ ക്യാൻസർ രോഗികൾക്ക് വേറെ ചികിത്സാ മാർഗ്ഗമില്ലാത്ത സാഹചര്യത്തിൽ അവിടത്തെ ജില്ലാ ആശുപത്രിയിൽ, അങ്ങ് ഇക്കാര്യങ്ങളെല്ലാം നേരിട്ട് കണ്ട് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഒരു ഓങ്കോളജി ബ്ലോക്ക് എല്ലാ സൗകര്യങ്ങളോടുകൂടി ചെയ്യാമെന്ന് പറയുകയും അതിൻ പ്രകാരം ഫയൽ ധനവകുപ്പിൽ വരികയും അങ്ങ് ഒപ്പു വയ്ക്കുകയും ചെയ്തു. പക്ഷെ ബഡ്ജറ്റ് സപ്പോർട്ടില്ലെന്നുപറഞ്ഞ് അത് നഷ്ടപ്പെട്ടുപോയ സാഹചര്യത്തിൽ ഇക്കാര്യം നേരിട്ടുകണ്ട് ബോധ്യപ്പെട്ട അങ്ങ് കാരുണ്യ ബെനവലന്റ് സ്കീമടക്കം കൊണ്ടു വന്നതുപോലെ ഇക്കാര്യത്തിൽ താത്പര്യമെടുത്ത് മലബാറിലെ ഏക ആശ്രയമായ ഈ ആശുപത്രിയിൽ എല്ലാ സംവിധാനത്തോടുകൂടിയ ഓങ്കോളജി ബ്ലോക്ക് ആരംഭിക്കുന്നതിനുള്ള സത്വര നടപടിയുള്ള ഉത്തരവ് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly